## V. നിയമനിർമ്മാണകാര്യം

## 2015-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, സംസാരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: സർ, ഞാൻ സംസാരിക്കുന്നില്ല.

**ചർച്ച**

(പ്രതിപക്ഷാംഗങ്ങൾ ശ്രീ. കെ. എം. മാണിയെ പുറത്താക്കുക, കോഴമന്ത്രിയെ പുറത്താക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി കുത്തിയിരുന്നു.)

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. ഈ സഭ ആരംഭിച്ചതിനുശേഷം എല്ലാ ധനാഭ്യർത്ഥന ചർച്ചകളിലും ചോദ്യോത്തരവേളയ്ക്ക് മുമ്പ് മുദ്രാവാക്യം വിളിയിൽ ആരംഭിക്കുകയും ഗവൺമെന്റിനെ വിമർശിച്ച് അവസാനം മന്ത്രിമാർ മറുപടിക്ക് എഴുന്നേൽക്കുമ്പോൾ മുദ്രാവാക്യം വിളിച്ച് ഇറങ്ങിപ്പോകുകയും ചെയ്യുന്ന ഒരു പതിവാണ് ഇത്രയും നാളായി ഉണ്ടായിരുന്നത്. പക്ഷെ ഇപ്പോൾ രാവിലത്തെ മുദ്രാവാക്യം വിളി മാറ്റിവച്ച് സഭ പിരിയുമ്പോൾ ചിരിച്ചുകൊണ്ട് ഇറങ്ങിപ്പോകുന്ന സ്ഥിതിയിലേയ്ക്ക് പ്രതിപക്ഷം എത്തിച്ചേർന്നിരിക്കുകയാണ്. എന്താണ് പറയേണ്ടതെന്ന് അറിയാതെ, 2006-നുശേഷം നടന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും ജനങ്ങൾ തള്ളിക്കളഞ്ഞവർ ഇവിടെ വന്ന് അധരവ്യായാമം ചെയ്യുന്നതിന്റെ ഭാഗമായാണ് ഈ ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ ഇവിടെ കുത്തിയിരിക്കുന്നത്. മാർച്ച് മാസം 31-നകം ബഡ്ജറ്റിന്റെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാകാത്തപക്ഷം ആർക്കും ശമ്പളം ലഭിക്കില്ലെന്ന്

ഒരുവിധം കോമൺ സെൻസുള്ളവർക്ക് അറിയാം. ഇവിടെ മാർച്ച് 31-നകം വോട്ട് ഓൺ അക്കൗണ്ട് അംഗീകരിച്ചതുകൊണ്ടാണ് പ്രതിപക്ഷത്ത് ഉൾപ്പെടെയുള്ള എം.എൽ.എ.മാർക്ക് മാസശമ്പളം വാങ്ങാൻ കഴിയുന്നതെന്നത് യാഥാർത്ഥ്യമാണ്. ബഡ്ജറ്റ് അവതരിപ്പിച്ചില്ലെന്ന് പ്രസംഗിക്കുകയും ധനാഭ്യർത്ഥനകളിൽ പങ്കെടുക്കുകയും ശമ്പളവും ടി.എ.യുമെല്ലാം ഒപ്പിട്ട് വാങ്ങുകയും ചെയ്യുന്ന പ്രതിപക്ഷം ജനങ്ങളെ കബളിപ്പിക്കുന്ന രീതിയിലാണ് മുന്നോട്ട് പോകുന്നതെങ്കിൽ അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങൾ അതിശക്തമായ തിരിച്ചടി പ്രതിപക്ഷത്തിന് നൽകുമെന്ന കാര്യത്തിൽ സംശയമില്ല. ഈ സംസ്ഥാനത്ത് ഭരണം പൂർത്തിയാക്കുന്ന യു.ഡി.എഫ്. ഗവൺമെന്റ് അടുത്ത തെരഞ്ഞെടുപ്പിലും വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽ തിരിച്ചുവരുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി പിന്താങ്ങുന്നു.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. അപ്പുറത്തിരിക്കുന്നവർക്ക് ഒരു കാര്യവും പറയാനില്ലാത്തതുകൊണ്ട് പഴയ കാലത്തെ അനുഭവങ്ങളിൽനിന്ന് മുദ്രാവാക്യം മറക്കാതിരിക്കാൻ അത് വിളിക്കുവാനും അടുത്ത തെരഞ്ഞെടുപ്പിലൂടെ അധികാരമില്ലാതെ റോഡിലൂടെ പഴത്തൊലി പെറുക്കി നടക്കേണ്ട ഒരു

ഗതികേടിലേയ്ക്കാണ് പ്രതിപക്ഷം പോകുന്നതെന്നുള്ള കാര്യം ഇവർ മനസ്സിലാക്കണമെന്നാണ് പറയാനുള്ളത്. ഒരു പ്രതിപക്ഷ നേതാവുണ്ട്. അദ്ദേഹത്തിന് വേറൊരു കാര്യവും പറയാനില്ല. പറഞ്ഞതുതന്നെ എന്നും ആവർത്തിക്കുന്ന ഒരു പ്രതിപക്ഷ നേതാവ്. പ്രതിപക്ഷ നേതാവിന് സഭയിൽ പ്രത്യേക അധികാരം കൊടുത്തശേഷം വ്യക്തികളെ തേജോവധം ചെയ്യുന്ന, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ധനാകാര്യ വകുപ്പുമന്ത്രിയെയും ബഹുമാനപ്പെട്ട കെ. ബാബു മിനിസ്റ്ററെയുമൊക്കെ തേജോവധം ചെയ്യുന്ന ഒരു നിലപാട് ഈ കമ്മ്യൂണിസ്റ്റ് - മാർക്സിസ്റ്റ് പാർട്ടി മാറ്റാത്ത കാലത്തോളം നിങ്ങളുടെ ഗതികേട് വോട്ടിലൂടെ, കല്ല് പെറുക്കി നടക്കുന്ന ഒരവസ്ഥയിലേയ്ക്ക് നിങ്ങളുടെ പാർട്ടി പോകുകയും കേരള ചരിത്രത്തിൽ മാർക്സിസ്റ്റ് പാർട്ടി ഇല്ലാതാകുന്ന ഒരു ഭാവി വിദൂരമല്ലെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട കെ.എം. മാണി സാറിനോട് എനിക്ക് പറയാനുള്ളത്, കാരുണ്യ ബനവലന്റ് സ്കീമിൽ പ്രൈവറ്റ് ആശുപത്രികൾക്ക് കൊടുക്കുന്ന തുകയും മെഡിക്കൽ കോളേജുകൾക്ക് കൊടുക്കുന്ന തുകയും; മെഡിക്കൽ കോളേജിന് ഒരു ആൻജിയോപ്ലാസ്റ്റിക്ക് ഒരു ലക്ഷം രൂപ കൊടുക്കുമ്പോൾ പ്രൈവറ്റ് ആശുപത്രിക്ക് 65,000/- രൂപയാണ് കൊടുക്കുന്നത്. മെഡിക്കൽ കോളേജിന് കൊടുക്കുന്ന അതേ സംഖ്യതന്നെ പ്രൈവറ്റ്

ആശുപത്രികൾക്കും കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. റബ്ബറിന് 150/- രൂപ വില നിശ്ചയിക്കുന്നതിന് 300 കോടി രൂപ ഗവൺമെന്റ് അനുവദിച്ചു. പക്ഷെ ലാറ്റക്സിന് വില കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരവസ്ഥയാണ്. ലാറ്റക്സാണ് നമ്മുടെ കർഷകനെ രക്ഷിക്കുന്നത്. അതിന്റെ വിലയിടിവ് പരിഗണിച്ച് അതിനുംകൂടി പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രമിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. എഫ്. തോമസ്:</u> സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. പ്രതിപക്ഷത്തിന്റെ ഈ സമരം യുക്തിരഹിതമായ സമരമാണ്. ഇവിടെനിന്ന് മുദ്രാവാക്യം വിളിച്ച് എതിർക്കുകയും ഈ ധനവിനിയോഗ ബില്ലിലൂടെ നമ്മൾ അനുവാദം കൊടുത്ത് പാസ്സാക്കിയെടുക്കുന്ന തുക ഉപയോഗിച്ച് നടത്തുന്ന വികസനപ്രവർത്തനങ്ങൾ ഇവിടെ ഇരിക്കുന്ന എം.എൽ.എ.മാരുടെ മണ്ഡലങ്ങളിൽ വേണ്ടെന്ന് വയ്ക്കാൻ തയ്യാറാണോ; അതുകൂടി നിങ്ങൾ പറയണം. ജനങ്ങൾ ഇതെല്ലാം നോക്കിനിൽക്കുകയാണ്. നിങ്ങൾക്ക് ഇന്ന് പാസ്സാക്കുന്ന പണം കൊണ്ടുള്ള വികസനപ്രവർത്തനങ്ങൾ വേണം. പക്ഷെ ശ്രീ. കെ. എം. മാണിയെ എതിർക്കുന്നു. ശ്രീ. കെ. എം. മാണിയെ ഒറ്റപ്പെടുത്തി ചെറുതാക്കാൻ നിങ്ങൾ നോക്കേണ്ട. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിന്റെ കൂടെയാണ്. ജനങ്ങൾ

ശ്രീ. കെ.എം. മാണിയുടെ കൂടെത്തന്നെയാണ്. അല്ലെങ്കിൽ അരുവിക്കരയിൽ ഇത്രയും വലിയ ഭൂരിപക്ഷത്തിന് യു.ഡി.എഫ്. ജയിക്കില്ലായിരുന്നു. നിങ്ങൾ നാല് വർഷം ഇതുപോലുള്ള സമരം നടത്തിയിട്ടും അരുവിക്കരയിലെ ജനങ്ങൾ പറയുന്നു, ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ഗവൺമെന്റ്, ശ്രീ. കെ. എം. മാണിയുടെ ഗവൺമെന്റ്, ഇവിടെയിരിക്കുന്ന കക്ഷിനേതാക്കൾ നയിക്കുന്ന ഗവൺമെന്റ് സധൈര്യം മുന്നോട്ട് പോകാനാണ് കേരളത്തിലെ ജനങ്ങൾ അരുവിക്കരയിലൂടെ പച്ചക്കൊടി കാണിച്ചിരിക്കുന്നത്. ഞങ്ങൾ ആ ജനവിധിയെ സ്വീകരിക്കുകയാണ്. ഞങ്ങൾ വെറുതെയല്ല ഈ പണം ചോദിക്കുന്നത്, കഴിഞ്ഞ നാല് വർഷം ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി, പ്രത്യേകിച്ച് പാവപ്പെട്ടവർക്കും സാധാരണക്കാർക്കുംവേണ്ടി നിരവധി കാര്യങ്ങൾ ചെയ്ത ഗവൺമെന്റാണിത്. നിങ്ങളെക്കൊണ്ട് സാധിക്കാത്ത കാര്യങ്ങൾ, തെരഞ്ഞെടുപ്പ് കഴിഞ്ഞയുടൻ ഈ ഗവൺമെന്റ് ഒരു രൂപയ്ക്ക് അരി കൊടുത്തു. നിങ്ങൾക്ക് കൊടുക്കാൻ സാധിച്ചില്ല. അവിടെ ഡോ. ടി. എം. തോമസ് ഐസക് ഉണ്ടല്ലോ, നിങ്ങളുടെ ഗവൺമെന്റ് ഭരിച്ചപ്പോൾ ലോട്ടറി രാജാവ് ശ്രീ. സാന്റിയാഗോ മാർട്ടിനാണ് ആ രംഗം കൈകാര്യം ചെയ്തത്. ഇവിടെ ശ്രീ. കെ. എം. മാണി 750 കോടി രൂപ മുടക്കി ഈ സംസ്ഥാനത്തെ പാവപ്പെട്ടവരുടെ രക്ഷകനായി

മാറിയിരിക്കുന്നു. ഈ സംസ്ഥാനത്തെ തൊഴിലാളികളുടെ ക്ഷേമ പെൻഷനുകളെല്ലാം വർദ്ധിപ്പിക്കുവാൻ സാധിച്ചു. രോഗികളുടെ പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിച്ചു. 1957-ലും 1967-ലും ഇ.എം.എസ്. ഭരിച്ചിട്ടും നടക്കാത്ത കർഷകത്തൊഴിലാളി പെൻഷൻ കൊണ്ടുവന്ന ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ. എം. മാണി. ഈ സംസ്ഥാനത്തെ എല്ലാ കർഷകർക്കും പെൻഷൻ കൊടുത്ത ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ. എം. മാണി. ഈ സംസ്ഥാനത്തെ വികസന രംഗത്ത് വിവിധ മന്ത്രിമാർ നടത്തുന്ന വൈവിധ്യം നിറഞ്ഞ പ്രവർത്തനങ്ങൾ, കേരളത്തിന്റെ പൊതുരംഗം നിങ്ങൾ നിരീക്ഷിച്ചാൽ എല്ലാ മേഖലയിലും കാണുന്ന സജീവത്വം, എല്ലാ മേഖലയിലും കാണുന്ന വികസന മുന്നേറ്റം, ആ വികസന മുന്നേറ്റത്തിനെല്ലാം പണം കൊടുക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയാണ് ശ്രീ. കെ. എം. മാണി. ആ വികസനപ്രവർത്തനങ്ങൾ മുഴുവൻ നടത്തുകയും ഇവിടെ വന്ന് ശ്രീ. കെ. എം. മാണിയെ എതിർക്കുന്ന നിങ്ങളുടെ യുക്തിരഹിതമായ നടപടിയെ കേരളത്തിലെ ജനങ്ങൾ ചൂച്ഛിച്ചുതള്ളുകതന്നെചെയ്യും. ഈ ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ ആവേശപൂർവ്വം പിന്താങ്ങുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി സപ്പോർട്ട് ചെയ്യുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ

പിന്തുണയ്ക്കുകയാണ്. അരുവിക്കര തെരഞ്ഞെടുപ്പിൽ മുഖം നഷ്ടപ്പെട്ട ജാള്യതമൂലം വൃഥാ വ്യായാമമാണ് പ്രതിപക്ഷം ഇവിടെ നടത്തുന്നത്. ധനമാനേജ്മെന്റിലെ കരുതലും ജനക്ഷേമ പരിപാടികളിലെ കാരുണ്യ സ്പർശവും മുഖമുദ്രയാക്കി ഭരണത്തിൽ മികവിന്റെ നാല് വർഷം പിന്നിടുകയാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ. ആഗോള, ദേശീയ സാമ്പത്തിക മാന്ദ്യത്തിന്റെ ആശങ്കകൾക്കിടയിലും സംസ്ഥാനത്തിന്റെ സമ്പദ്ഘടന സംരക്ഷിച്ചുനിർത്താൻ, വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ കഴിഞ്ഞ നാല് വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ഒരു വികസന നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും വിവിധ വികസന പദ്ധതികൾ നടത്താനും ഈ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കടക്കെണിയിലേയ്ക്ക് പോയിക്കൊണ്ടിരുന്ന ഒരു സംസ്ഥാനത്തെ കരയ്ക്കുകയറ്റുവാനും വികസനപ്രവർത്തനങ്ങൾ നടത്തുവാനും കഴിഞ്ഞ ഒരു സർക്കാരാണിത്. മികച്ച ധനകാര്യ മാനേജ്മെന്റ് നടത്തിയ നല്ല മന്ത്രിയാണ് ശ്രീ. കെ.എം. മാണി സാർ. അദ്ദേഹം അവതരിപ്പിച്ച ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ശ്രീ. കെ. എം. മാണി ചരിത്രത്തിൽ അറിയപ്പെടാൻ പോകുന്നത് ഈ ദുരാരോപണങ്ങളുടെയോ, പുലഭ്യം പറച്ചിലുകളുടെയോ

പേരിലായിരിക്കില്ല. 92,000-ത്തോളം വരുന്ന സാധാരണക്കാരന് 800 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിൽക്കൂടി കൊടുത്ത ധനകാര്യ വകുപ്പുമന്ത്രിയെന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെടുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയാകും ശ്രീ. കെ. എം. മാണി. ഈ ഗവൺമെന്റ് ചരിത്രത്തിൽ അറിയപ്പെടാൻ പോകുന്നത് ഏതെങ്കിലും കള്ളുഷാപ്പ് മുതലാളിയുടെ ആരോപണത്തിന്റെ പേരിലായിരിക്കില്ല. സ്വാതന്ത്ര്യത്തിനുശേഷം 9 മെഡിക്കൽ കോളേജുകൾ ഈ സംസ്ഥാനത്ത് ആരംഭിച്ച ഒരു ഗവൺമെന്റിന്റെ പേരിലായിരിക്കും. ഭൂമിയില്ലാത്ത പാവങ്ങൾക്ക് 3 സെന്റ് ഭൂമി കൊടുത്ത ഒരു ഗവൺമെന്റ് എന്നപേരിൽ ഈ ഗവൺമെന്റ് അറിയപ്പെടും. മൂലംപള്ളിയിലെ പാവങ്ങളെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവന്ന ഒരു ഗവൺമെന്റ് എന്നപേരിൽ അറിയപ്പെടും. ചെങ്ങറയിൽ ആദിവാസിക്ക് ഭൂമികൊടുത്ത ഗവൺമെന്റ് എന്നപേരിൽ അറിയപ്പെടും. നഴ്സുമാരുടെ പ്രശ്നങ്ങൾ കൃത്യമായി പരിഹരിച്ച ഗവൺമെന്റ് എന്നപേരിൽ അറിയപ്പെടും. കേരളത്തിലേയ്ക്ക് ചരിത്രത്തിലില്ലാത്ത വികസനം കൊണ്ടുവന്ന, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം എന്നിവ നടപ്പിലാക്കിയ ഗവൺമെന്റ് എന്ന പേരിൽ ഈ ഗവൺമെന്റ് ചരിത്രത്തിൽ അറിയപ്പെടും. ലോകത്തിൽ അറിയപ്പെടും. ദുരാരോപണങ്ങളുടെ പേരിലറിയപ്പെടില്ല. പ്രവാസികൾക്ക് വോട്ടവകാശം

കൊടുക്കാൻ ഇച്ഛാശക്തിയുള്ള തീരുമാനമെടുത്ത ഗവൺമെന്റ് എന്നപേരിൽ ഈ ഗവൺമെന്റ് ചരിത്രത്തിൽ അടയാളപ്പെടുത്തും. പാവങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കിയ ഗവൺമെന്റ് എന്നപേരിൽ ഈ ഗവൺമെന്റ് അറിയപ്പെടും. പ്രതിപക്ഷം ഇവിടെ ഒരുപാട് സമരങ്ങൾ ചെയ്തു. ഭൂസമരം നടത്തി- പരാജയപ്പെട്ടു. സർക്കാർ ഉദ്യോഗസ്ഥർ സമരം നടത്തി- പരാജയപ്പെട്ടു. യുവജനങ്ങളുടെ സമരം നടത്തി- പരാജയപ്പെട്ടു, ഒന്നാം രാപ്പകൽ സമരം പരാജയപ്പെട്ടു, രണ്ടാം രാപ്പകൽ സമരം പരാജയപ്പെട്ടു, സെക്രട്ടേറിയറ്റ് ഉപരോധം പരാജയപ്പെട്ടു, ക്ലിഫ് ഹൗസ് ഉപരോധം പരാജയപ്പെട്ടു. ജനസമ്പർക്ക പരിപാടി തടയാൻപോയി- പരാജയപ്പെട്ടു. പിറവത്തും നെയ്യാറ്റിൻകരയിലും അരുവിക്കരയിലും നടന്ന തെരഞ്ഞെടുപ്പുകളിൽ പരാജയപ്പെട്ടു. പഞ്ചായത്തിലും ലോകസഭയിലും ഈ പ്രതിപക്ഷം പരാജയപ്പെട്ടു. പ്രതിപക്ഷം സമരം ചെയ്ത് പരാജയപ്പെട്ടു. ഇപ്പോൾ പുറത്തിറങ്ങി സമരം ചെയ്താൽ ജനങ്ങൾ അടിക്കും. അതുകൊണ്ട് അകത്തേയ്ക്ക് സമരം ചുരുക്കിയിരിക്കുയാണ്. പുറത്തിറങ്ങി സമരം ചെയ്യാൻ ആളെ കിട്ടില്ല. രണ്ടിടത്താണ് സമരം. ഒന്ന് നിയമസഭയിലും. ഒൻപത് മണിക്ക് ചാനലിലും. ഒൻപത് മണിക്ക് ചാനലിൽ സമരം. എ.സി.ഉണ്ട്. നല്ല സൗകര്യമുണ്ട്. കാറ്റുണ്ട്. വെള്ളം കുടിക്കാൻ കിട്ടും. ഇവിടെയാണെങ്കിൽ നല്ല എ.സി. ഉണ്ട്. സൗകര്യമുണ്ട്.

ഇങ്ങനെ സമരം ചെയ്യാനാണെങ്കിൽ ഞങ്ങൾക്കും സമരം ചെയ്യാൻ താൽപര്യമുണ്ട്. സമരം ചെയ്യാൻ കാരണങ്ങളില്ലാത്തതുകൊണ്ടാണ്. ഇതുപോലെ ഗതികെട്ടൊരു പ്രതിപക്ഷം കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. പക്ഷേ ഇവർ പാഠം പഠിക്കുന്നില്ല. ഒറ്റപ്പെട്ടിട്ടും ജനങ്ങൾ ഒറ്റപ്പെടുത്തിയിട്ടും പരാജയപ്പെടുത്തിയിട്ടും പാഠം പഠിക്കാത്തൊരു പ്രതിപക്ഷമാണ് ജനാധിപത്യവിരുദ്ധമായി സമരം നടത്തുന്നത്.

കാരുണ്യ ബെനവലന്റ് ഫണ്ട് അങ്ങ് നടപ്പിലാക്കി. ബൈബിളിൽ പറഞ്ഞിട്ടുണ്ട്... ബൈബിളിൽ ഒരുപാട് നല്ല കാര്യം പറഞ്ഞിട്ടുണ്ട്. അതൊക്കെ ഇടക്കിടയ്ക്ക് പറയണം. "കരുണയുള്ളവർ ഭാഗ്യവാൻമാർ, അവർക്ക് കരുണ ലഭിക്കും" എന്നാണ് ബൈബിളിൽ പറഞ്ഞിട്ടുള്ളത്. കാരുണ്യ ബെനവലന്റ് ഫണ്ടുപോലെ ഒരു കാരുണ്യ ഭവനദാന പദ്ധതി അങ്ങ് ആരംഭിക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ ചെങ്ങന്നൂരിലെ താലൂക്ക് ആശുപത്രി അങ്ങ് ജില്ലാ ആശുപത്രിയാക്കി ഉയർത്തി. അവിടെ ഒരു കാരുണ്യ ഡയാലിസിസ് സെന്റർകൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തിയായി പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ ഹൃദയം കീഴടക്കി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി ലോകത്തിന്

ആകെ മാതൃകയായി. നാല് വർഷക്കാലംകൊണ്ട് മൂന്ന് തവണയാണ് തന്റെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും നേരിൽ കാണുന്നതിനുവേണ്ടി ഒരു മുഖ്യമന്ത്രി ഇറങ്ങിത്തിരിച്ചത്. അങ്ങനെ ഐക്യരാഷ്ട്ര സഭയുടെ അംഗീകാരം നേടാൻ കഴിഞ്ഞിട്ടുള്ള ലോകത്തിലെ തന്നെ ആദ്യത്തെ മുഖ്യമന്ത്രിയാണ് നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി. അദ്ദേഹം നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് ഇവിടെ ലോട്ടറി ആരംഭിച്ചു. എന്തിനുവേണ്ടിയാണ് ലോട്ടറി ആരംഭിച്ചത്? ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ലോട്ടറി ആരംഭിച്ചത് സാന്റിയാഗോ മാർട്ടിൻ, ലിസ് ചാക്കോ തുടങ്ങിയവരെപ്പോലുള്ള ലോട്ടറി മാഫിയകൾക്ക് നികുതി വെട്ടിപ്പ് നടത്താൻ അവസരം ഒരുക്കുന്നതിന് വേണ്ടിയാണെങ്കിൽ ഈ ഗവൺമെന്റ് ലോട്ടറി ആരംഭിച്ചത് പാവപ്പെട്ട ജനങ്ങൾക്ക് ചികിത്സാ സൗകര്യം നൽകുന്നതിന് വേണ്ടിയാണ്. ഏതെങ്കിലും ഒരു ഗവൺമെന്റ് പാവപ്പെട്ടവന് ചികിത്സാ ചെലവ് വഹിക്കാൻ മുന്നോട്ടുവന്നിട്ടുണ്ടോ; ചികിത്സ നടത്തി ആശുപത്രിയിൽനിന്ന് വീട്ടിലേയ്ക്ക് പോയാൽ മതി. ചികിത്സാ ചെലവ് മുഴുവൻ ഗവൺമെന്റ് ഖജനാവിൽനിന്ന് നേരിട്ട് ആശുപത്രിയിലേയ്ക്ക് എത്തിക്കുകയാണ്. 800 കോടി രൂപയാണ് കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ഈ ഗവൺമെന്റ് ചെലവഴിച്ചത്. ഏതെങ്കിലുമൊരു ഗവൺമെന്റ് ഇത്തരമൊരു പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ;

പാവപ്പെട്ട ജനവിഭാഗങ്ങളുടെയെല്ലാം ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ക്ഷേമപെൻഷനുകളുടെയും ആനുകൂല്യം വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് തീരുമാനമെടുത്തു. ഇന്നലെ നിങ്ങൾ കേട്ടില്ലേ, അംഗൻവാടി വർക്കർമാർ, അംഗൻവാടി ഹെൽപ്പർമാർ, അവരുടെയൊക്കെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് അവസാനമായി തീരുമാനമെടുത്തു. ഈ ഗവൺമെന്റ് ആനുകൂല്യം വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തു എന്നറിഞ്ഞാൽ പിന്നീട് അംഗൻവാടി വർക്കർമാരെയുംകൊണ്ട് കലക്ട്രേറ്റിലേയ്ക്ക് സമരത്തിന് പോവുകയാണ്. അത്തരത്തിൽ ആഭാസകരമായ സമരങ്ങളാണ് ഈ കാലമത്രയും ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. നാല് വർഷക്കാലമായി ഈ ഗവൺമെന്റിനെതിരെ നടത്തിയ എല്ലാ സമരങ്ങളും അതിദയനീയമായി പരാജയപ്പെടുന്നതാണ് നമ്മൾ കണ്ടത്. കേരള നിയമസഭയിൽ ഇന്നേവരെ കാണാത്ത അനിഷ്ട സംഭവങ്ങൾ ഈ നിയമസഭയ്ക്കകത്ത് അരങ്ങേറുകയുണ്ടായി. ആ സമരത്തിൽനിന്നൊക്ക ജനപിന്തുണ ദിനേനയെന്നോണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രതിപക്ഷം ഇന്ന് വീണ്ടും ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനുവേണ്ടിയാണ് ഇത്തരം സമരാഭാസങ്ങളുമായി മുന്നോട്ടുപോകുന്നത്. ഇവരെന്ത് സമരവുമായി മുന്നോട്ടുപോയാലും കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിനോടൊപ്പം

നിൽക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഓരോ കേരളീയനും ആഗ്രഹിച്ചിരുന്ന ഏറ്റവും വലിയ സ്വപ്ന പദ്ധതിയായിരുന്നു വിഴിഞ്ഞം പദ്ധതി. ആ വിഴിഞ്ഞം പദ്ധതി എല്ലാ എതിർപ്പുകളേയും അവഗണിച്ച് യാഥാർത്ഥ്യമാക്കിയെടുക്കാൻ ഈ ഗവൺമെന്റിന് സാധ്യമായിരിക്കുന്നു. അദാനി പോർട്സ് ആന്റ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ് കമ്പനിയുമായി കരാറുണ്ടാക്കാൻ ആർജ്ജവം കാണിച്ച മുഖ്യമന്ത്രിയേയും തുറമുഖ വകുപ്പുമന്ത്രിയേയും പ്രത്യേകമായി അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് നിർഭയമായി അന്തിയുറങ്ങാനുള്ള അവസരം ഈ ഗവൺമെന്റ് ഒരുക്കി. 'ഓപ്പറേഷൻ കുബേര'യിലൂടെ കൊള്ളപ്പലിശക്കാരെ പിടിച്ചുകെട്ടാൻ നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. ഒന്നര ലക്ഷം പേർക്കാണ് നാല് വർഷം കൊണ്ട് പി.എസ്.സി. വഴി നിയമനം നൽകിയത്. കേരളത്തിലെ യുവജനങ്ങൾ, ന്യൂ ജനറേഷൻ ഏറെ പ്രതീക്ഷയോടുകൂടി ഈ ഗവൺമെന്റിനെ നോക്കിക്കാണുകയാണ്. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരം ഉണ്ടാക്കിയ ഗവൺമെന്റാണ് നമ്മുടെ ഗവൺമെന്റ്. കേരളത്തിലെ സംസ്ഥാന പാതകളും ജില്ലാ പാതകളും ഉൾപ്പെടെയുള്ള എല്ലാ റോഡുകളും അന്തർദേശീയ നിലവാരമുള്ള റോഡുകളാക്കി മാറ്റാൻ കുറഞ്ഞ കാലംകൊണ്ട് നമ്മുടെ ഗവൺമെന്റിന്

സാധിച്ചു. സ്മാർട്ട് സിറ്റി പദ്ധതിയിലൂടെ നിരവധി ചെറുപ്പക്കാർക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിനും നമുക്ക് സാധിച്ചു.

നീര ഉൽപ്പാദനത്തിലൂടെ കേരളത്തിലെ കേര കർഷകർക്ക് ആശ്വാസം പകരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇതുവരെ ശ്രദ്ധിക്കാതിരുന്ന ചക്ക പോലെയുള്ള കാർഷിക ഉൽപ്പന്നങ്ങളിൽനിന്ന് എന്തൊക്കെ വിഭവങ്ങളുണ്ടാക്കാൻ സാധിക്കും എന്ന് നമ്മൾ അനുഭവത്തിലൂടെ പഠിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീലങ്ക പോലെയുള്ള രാജ്യങ്ങളിൽ, ഇൻഡ്യയെപ്പോലെ നാളികേരം ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ നാളികേരം ഉപയോഗപ്പെടുത്തി മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ധാരാളമായി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ നാളികേര കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി, യുവാക്കളും വിദ്യാർത്ഥികളുമൊക്കെ കാർഷിക രംഗത്തേയ്ക്ക് കടന്നുവന്നിട്ടുള്ള ഈ സാഹചര്യത്തിൽ നാളികേരം ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. യുവാക്കൾക്ക് ഇതിനാവശ്യമായ പരിശീലനം നൽകണം എന്നുകൂടി ഞാനാവശ്യപ്പെടുകയാണ്. ഇങ്ങനെ നിരവധി ക്ഷേമപദ്ധതികൾ നടപ്പാക്കി. എല്ലാ ക്ഷേമപദ്ധതികൾക്കും അപേക്ഷ നൽകുന്നതിനുവേണ്ടിയുള്ള വരുമാന പരിധി

ഏകീകരിക്കാൻ ഗവൺമെന്റിന് സാധിക്കണം. സി.എം.ഡി.ആർ.എഫ്. ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങൾക്കും ഒരു ലക്ഷം രൂപയാണ് വരുമാന പരിധി നിശ്ചയിച്ചതെങ്കിൽ പാവപ്പെട്ട കർഷക തൊഴിലാളിക്ക് 11,000 രൂപയാണ് വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്. കലാകാരൻമാരുടെ പെൻഷന് 24,000 രൂപയാണ് വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്. എല്ലാ ക്ഷേമപെൻഷനുകളുടെയും വരുമാന പരിധി ഒരു ലക്ഷം രൂപയാക്കി ഏകീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതുപോലെതന്നെ ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിപോലെ ഭവനരഹിതരില്ലാത്ത കേരളം എന്ന പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരണം എന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, കേരള ചരിത്രത്തിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനം നടത്തിയ, സാധാരണക്കാരന്റെ കണ്ണീരൊപ്പിയ, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ സംസാരിക്കുന്നില്ല, എന്റെ പ്രസംഗം ഞാൻ മേശപ്പുറത്ത്

വയ്ക്കുന്നു. *

## 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബിൽ)

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2012-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബിൽ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബിൽ) ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബിൽ) പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബിൽ) പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

പി. മോഹനൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബിൽ) പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബിൽ) പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. എം. മാണി: സർ, 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബിൽ) പാസ്സാക്കി തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബിൽ) പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 24-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്ക് 12.22-ന് പിരിഞ്ഞു.)

*********